# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 561 | | 27.02.2018-ൽ മറുപടിക്ക് | |
|---|---|---|---|
| **താമരക്കുടി സർവ്വീസ് സഹകരണ ബാങ്ക്** | | | |
| ചോദ്യം | | മറുപടി | |
| ശ്രീമതി.പി. അയിഷാ പോറ്റി | | ശ്രീ.കടകംപളളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി) | |
| (എ) | കൊല്ലം ജില്ലയിലെ താമരക്കുടി സർവ്വീസ് സഹകരണ ബാങ്കിൽ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി ചുമതലയിലുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ബാങ്കിന്റെ ഭരണം തിരഞ്ഞെടുക്കപ്പെട്ട ഭരണ സമിതിക്കോ സഹകാരികളുടെ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിക്കോ കൈമാറുന്നതിന് എന്ത് നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; | (ബി) | ബാങ്കിൽ നടന്ന സാമ്പത്തിക ക്രമക്കേടുകളെ തുടർന്ന് ബാങ്കിന്റെ ധനസ്ഥിതി മോശമായതിനാൽ തെരഞ്ഞെടുപ്പ് നടത്തി ഭരണസമിതിക്ക് ചുമതല നൽകുന്നതിന് സാധിച്ചിട്ടില്ല എന്നാൽ സഹകാരികളുടെ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിക്ക് ഭരണം കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | ബാങ്കിനെ പുനഃരുദ്ധരിക്കുന്നതിനും നിക്ഷേപങ്ങൾ തിരികെ നൽകുന്നതിനും ആവശ്യമായി സമർപ്പിച്ച പുനഃരുദ്ധാരണ പദ്ധതി സഹകരണ വകുപ്പ്/സഹകരണ സംഘം രജിസ്ട്രാർ അംഗീകരിച്ചിട്ടുണ്ടോ, വിശദാംശങ്ങൾ നൽകുമോ? | (സി) | താമരക്കുടി സർവ്വീസ് സഹകരണ ബാങ്കിനെ പുനരുദ്ധരിക്കുന്നതിനും നിക്ഷേപങ്ങൾ തിരികെ നൽകുന്നതിനുമായി ബാങ്ക് അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി സമർപ്പിച്ച പുനരുദ്ധാരണപദ്ധതി സഹകരണ സംഘം രജിസ്ട്രാർ അംഗീകരിച്ചിട്ടില്ല എന്നാൽ ജില്ലയിലെ പ്രാഥമിക സഹകരണ സംഘം പ്രതിനിധികളുടെ യോഗത്തിന്റെയും 06/02/2018 ൽ സഹകരണ വകുപ്പ് സെക്രട്ടറിയുടെ ചേംബറിൽ കൂടിയ യോഗതീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ ടി ബാങ്കിലെ നിക്ഷേപകരുടെ ഒരു യോഗം 17/02/2018 ൽ കൂടുകയും ബാങ്ക് പുനരുദ്ധാരണത്തിനായി ജില്ലയിലെ പ്രാഥമിക സഹകരണ സംഘങ്ങളിൽ നിന്നും 5 കോടി രൂപ അഡ്വാൻസ് ഇനത്തിൽ സമാഹരിച്ച് ബാങ്ക് പ്രവർത്തനം പുനരാരംഭിക്കുന്നതിനും, ഫണ്ട് വിനിയോഗം കാര്യക്ഷമമായി മേൽനോട്ടം വഹിക്കുന്നതിനായി ജില്ലാ സഹകരണ ബാങ്കിൽ നിന്നും ഒരു ഉദ്യോഗസ്ഥനെ ചീഫ് എക്സിക്യൂട്ടീവ് തസ്തികയിൽ നിയമിക്കുന്നതിനുമായുള്ള ഒരു പുനരുദ്ധാരണ പദ്ധതി സമർപ്പിക്കുന്നതിനുള്ള നടപടികൾ ബാങ്ക് അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ